## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2999 07.11.2019-ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ ഹിൽഹൈവേ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ** | | **ശ്രീ.ജി.സുധാകരൻ** (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| എ) | കാസർഗോഡ് ജില്ലയിലെ ഹിൽഹൈവേ പ്രവൃത്തിയുമായി ബന്ധപ്പെട്ട് വനം വകുപ്പിന്റെ അനുമതി ലഭ്യമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | കാസർഗോഡ് ജില്ലയിലെ മലയോര ഹൈവേയിലെ വനഭൂമിയിൽ കൂടി കടന്ന് പോകുന്ന രണ്ട് റീച്ചുകളായ കോളിച്ചൽ - ഇടപ്പറമ്പ് ഭാഗത്തിനും കോളിച്ചൽ - ചെറുപുഴ ഭാഗത്തിനും വനഭൂമി ലഭ്യമാക്കുന്നതിനായി രണ്ട് ഓൺലൈൻ അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | കാസർഗോഡ് ജില്ലയിലെ എടപ്പറമ്പ-കോളിച്ചാൽ റീച്ചിൽ എത്ര കിലോമീറ്റർ വനപാതയുണ്ടെന്ന് അറിയിക്കാമോ; ഈ വനപാതയിൽ എത്ര പാലങ്ങൾ പുനർനിർമ്മിക്കേണ്ടതുണ്ട്എന്നതിന്റെ വിശദാംശം അറിയിക്കാമോ; | (ബി) | കാസർഗോഡ് ജില്ലയിലെ എടപ്പറമ്പ് - കോളിച്ചൽ റീച്ചിൽ 3.610 കി.മീ. വനപാതയുണ്ട്.<br>കോളിച്ചാൽ എടപ്പറമ്പ് റീച്ചിൽ കി.മീ. 18/878 ഉള്ള പള്ളിഞ്ചി പാലം (1), കി.മീ. 18/100 ഉള്ള പള്ളഞ്ചി പാലം (2), കി.മീ. 16/480 ഉള്ള കാവുങ്കൽ പാലം എന്നീ 3 പാലങ്ങൾ പുനർ നിർമ്മിക്കേണ്ടതായിട്ടുണ്ട്. ഇതിൽ ടെന്റേറ്റീവ് ഡ്രോയിംഗ് ലഭ്യമായ പള്ളിഞ്ചി പാലം(1) പള്ളഞ്ചി പാലം(2) എന്നിവയുടെ ഡി.പി.ആർ. തയ്യാറാക്കികൊണ്ടിരിക്കുന്നു. |
| (സി) | വനപാത ഒഴിച്ചുള്ള ഭാഗങ്ങൾ പൂർത്തിയാക്മ്പോൾ ഇതിനോട് അനുബന്ധിച്ചുതന്നെ വനപാതയിലുള്ള പ്രവൃത്തിയും പൂർത്തീകരിക്കാൻ പറ്റാത്തത് യഥാർത്ഥ ലക്ഷ്യം നിറവേറ്റാൻ പറ്റാത്ത സാഹചര്യമുണ്ടാക്കുമെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) & (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മലയോര ഹൈവേ വനഭൂമിയിലൂടെ കടന്നു പോകുന്ന മേഖലകളിൽ അനുമതി ലഭ്യമാക്കി പ്രവൃത്തി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.<br>പദ്ധതിയുടെ പ്രാധാന്യം വകുപ്പിന്റെ അനുമതി ലഭിക്കുന്നതിനായുള്ള നടപടികൾ ചർച്ച ചെയ്യുന്നതിനായി മന്ത്രി തലത്തിൽ യോഗം വിളിക്കുകയും, വനം വകുപ്പിന്റെയും പൊതുമരാമത്ത് വകുപ്പിന്റെയും ഉന്നത ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഇത്തരം മേജർ പ്രവൃത്തികൾക്ക് വനം വകുപ്പിന്റെ അനുമതി വാങ്ങാൻ ഉന്നതതലത്തിലുള്ള നടപടികൾ സ്വീകരിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ